"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല കുമ്പളം ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ദിവ്യ ബിയ്ക്കെതിരായ അച്ചടക്ക നടപടി- തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.709/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/03/2021

---

പരാമർശം:- 1 വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 02.05.2016 ലെ ഇ 7 ( എസ് .സി 4/16/ഇ.കെ.എം) 459/2016 നമ്പർ മിന്നൽ പരിശോധനാ റിപ്പോർട്ട്

2 ശ്രീമതി ദിവ്യ ബി യുടെ 23.11.2016 തീയതിയിലെ വിശദീകരണം

3 എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.05.2017 ലെ ഡി2-14760/16 നമ്പർ കത്ത്

4 പഞ്ചായത്ത് ഡയറക്ടറുടെ 14.02.2019 ലെ ഡി2-23985/16 നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിന് വിരുദ്ധമായി കുമ്പളം ഗ്രാമപഞ്ചായത്തിലെ അയ്യനാട് റോഡ് ജംഗ്ഷനിൽ ശ്രീ . പി . വി . രാഗേഷ് എന്നയാൾ ഇരുനിലകെട്ടിടം പണിതുവെന്ന പരാതിയുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് മിന്നൽ പരിശോധന നടത്തി ലഭ്യമാക്കിയ പരാമർശം (1) റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി പഞ്ചായത്തിലെ ക്ലർക്ക് ആയിരുന്ന ശ്രീമതി . ദിവ്യ . ബി യിൽ നിന്ന് വിശദീകരണം വാങ്ങി ലഭ്യമാക്കുന്നതിനും കെ . പി . ബി . ആർ ന് വിരുദ്ധമായി കെട്ടിട നിർമ്മാണം നടത്തിയതിന് കെട്ടിട ഉടമക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ശ്രീമതി . ദിവ്യ . ബി യോട് വിശദീകരണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാരി സമർപ്പിച്ച പരാമർശം (2) വിശദീകരണത്തിൽ കെട്ടിട നമ്പർ അനുവദിക്കുന്നതിനായി സ്ഥലപരിശോധന നടത്തിയതായും പ്രസ്തുതസമയത്ത് കെട്ടിട നിർമ്മാണ ചട്ടം 64(1) h പാലിച്ചിരുന്നതായും കെട്ടിട നമ്പർ ലഭിച്ചതിനു ശേഷമാണ് ചട്ടലംഘനത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതെന്നും ബോധിപ്പിച്ചിട്ടുണ്ട്.

കുമ്പളം ഗ്രാമപഞ്ചായത്തിലെ അയ്യനാട് റോഡ് ജംഗ്ഷനിൽ ശ്രീ . പി . വി . രാഗേഷ്, ശ്രീമതി. രശ്മി എന്നിവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നമ്പർ അനുവദിച്ചു കിട്ടുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള കംപ്ലീഷൻ പ്ലാനിൽ പി . ഡബ്ല്യൂ . ഡി റോഡിൽ നിന്നും 3.12 മീറ്ററും പഞ്ചായത്ത് റോഡിൽ നിന്നും 2 മീറ്ററും ദൂരപരിധി പാലിച്ചിട്ടുള്ളതാണെന്നും ശ്രീമതി . ബി . ദിവ്യ സ്ഥലത്ത് പോയി പരിശോധന നടത്തുകയും കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ദൂരപരിധി പാലിച്ചിട്ടുണ്ടെന്ന റിപ്പോർട്ട് നൽകിയതിൻെറയും അടിസ്ഥാനത്തിൽ താഴെത്തെ നിലയ്ക്ക് 14/371A യും ഒന്നാം നിലയ്ക്ക് 14/371B എന്നീ നമ്പറുകളും നൽകി യഥാക്രമം 1761/- ഉം 2030/- ഉം രൂപ വസ്തു നികുതി ഈടാക്കിയിട്ടുള്ളതാണെന്നും പരാമർശം (3) പ്രകാരം എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൂടാതെ ടി കെട്ടിടത്തിൻെറ ഒരു വശത്ത് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ പ്രകാരമുള്ള ദൂരപരിധി പാലിക്കാൻ കഴിയാത്തതിനാൽ ആ വശത്തെ വസ്തു ഉടമയിൽ നിന്നും സമ്മതപത്രം ലഭ്യമാക്കിയിട്ടാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. എന്നാൽ നിർമ്മാണം പൂർത്തിയാക്കിയപ്പോൾ പ്ലിന്ത് ഏരിയയിൽ കുറവ് വരുത്തി ടി

വശത്തും 90 സെ . മി ദൂരപരിധി പാലിച്ചിട്ടുണ്ട് . കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിന് വിരുദ്ധമായ നിർമ്മാണ പ്രവർത്തനങ്ങൾ കെട്ടിടത്തിന് നമ്പർ അനുവദിച്ചതിന് ശേഷം മാത്രം നടത്തിയിട്ടുള്ളതാണ് എന്ന് അനുമാനിക്കാവുന്നതാണ് . നമ്പർ നൽകുന്നതിന് പരിശോധന നടത്തിയ സമയത്ത് കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ നടത്തിയിട്ടുള്ളു എന്ന ശ്രീമതി . ദിവ്യയുടെ വിശദീകരണം പരിഗണിക്കാവുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി . ദിവ്യയെ വകുപ്പുതല നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട് .

കൂടാതെ നിർമ്മാണം കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിലെ നിലവിലെ വ്യവസ്ഥകൾക്കു വിരുദ്ധമായതിനാൽ കെട്ടിട ഉടമയ്ക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടതനുസരിച്ച് ശ്രീ . പി . വി . രാഗേഷ് എന്നയാളുടെ കെട്ടിട നിർമ്മാണത്തിൽ നിലവിൽ ചട്ട ലംഘനം ഉണ്ടെന്ന തദ്ദേശ സ്വയം ഭരണ വിഭാഗം അസി . എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം അനധികൃത നിർമ്മാണം പൊളിച്ചു നീക്കം ചെയ്യുന്നതിനായി കെ . പി . ബി . ആർ റൂൾ 20, കേരള പഞ്ചായത്ത് രാജ് സെക്ഷൻ 235 W പ്രകാരം കെട്ടിട ഉടമയ്ക്ക് നോട്ടീസും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവും നൽകിയിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുമ്പളം ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി . ദിവ്യ . ബി യുടെ വിശദീകരണം, ടിയാരിയുടെ വിശദീകരണത്തിന്മേൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച അഭിപ്രായ റിപ്പോർട്ട്, പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ എന്നിവ പരിശോധിച്ചതിൽ ടിയാരിയുടെ ഭാഗത്ത് നിന്ന് വീഴ്ച ഉണ്ടായതായി കാണുന്നില്ല. ആയതിനാൽ കുമ്പളം ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീമതി . ദിവ്യ . ബി യ്ക്കെതിരായ തുടർനടപടികൾ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി. ദിവ്യ . ബി, ക്ലാർക്ക് , കുമ്പളം ഗ്രാമപഞ്ചായത്ത്, എറണാകുളം
   (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
4. ഡയറക്ടർ, എ.ം.കെ.എം, തിരുവനന്തപുരം
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ